# അക്കാദമിക് മാസ്റ്റർ പ്ലാൻ

52

ആമുഖം

പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരുന്നമുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുകയാണ് നമ്മുടെ ലക്ഷ്യം. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്.അതിനായി വിദ്യാലയവും അധ്യാപകരും സമൂഹവും വിദ്യാഭ്യാസസംവിധാനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക് മാസ്റ്റർപ്ലാൻ.....

## കാളകെട്ടിയുടെ വിദ്യാലയം

എരുമേലി പഞ്ചായത്തിലെ ഏറ്റവും കിഴക്കേ അറ്റത്തുള്ള വാർഡിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത് . ഗിരിജൻ കോളനിയിലേയും മൂക്കൻപെട്ടി അരുവിക്കൽ ഹരിജൻ കോളനിയിലെയും എഴുകുംമണ്ണ് ഭാഗത്തെയും കുട്ടികളുമാണ് ഇവിടെ പഠിക്കുന്നത്. ഇവിടെ വിവിധ നാടുകളിൽ നിന്ന് കുടിയേറിപാർത്ത കർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസം ചെയ്യുനതിനായി യാതൊരു മാർഗവും ഉണ്ടായിരുന്നില്ല .

1950-ൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ബഹു.കൊച്ചുകിട്ടൻ ശബരിമലയ്ക്ക് പോകുവാൻ വേണ്ടി വന്നപ്പോൾ ഈ സ്ഥലത്തെ കുഞ്ഞുങ്ങൾക്ക്പഠിക്കാൻ ഒരു സ്കൂൾ വേണമെന്നു പറഞ്ഞതനുസരിച്ച് ഒരു പ്രൈമറി സ്കൂൾ അനുവദിച്ച് ഉത്തരവായി. 1953ൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

ആദ്യം കാളകെട്ടി ക്ഷേത്രഭാഗത്തു തുടങ്ങി, പിന്നീട് മൂക്കൻപെട്ടിയിലേയ്ക്ക് സ്കൂൾ മാറ്റി പ്രവർത്തനംആരംഭിച്ചു. സ്കൂളിനായ് സ്ഥലം വിട്ടുതന്നത് അയ്യപ്പൻ കുഞ്ഞുപാപ്പനാണ്. ഇവിടെ നിന്ന് പഠിച്ചിറങ്ങിയ ധാരാളം കുട്ടികൾ പല

മേഖലകളിൽ മികച്ച നിലയിൽ സേവനം ചെയ്യുന്നു. ഇത് വളരെ അഭിമാനകരമായ കാര്യമാണ്. എസ്.എസ്.എയുടെയും പഞ്ചായത്തിന്റെയും വിവിധ ഫണ്ടുകളും ഗ്രാന്റകളും ഉപയോഗിച്ച് സ്കൂളിന്റെ  ബാഹ്യ അന്തരീക്ഷം മെച്ചപ്പെട്ട നിലയിലുമാണ്.

പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കുംഗുണമേന്മയുള്ളവിദ്യാഭ്യാസം ലഭ്യമാക്കുകയാണ്നമ്മുടെ ലക്ഷ്യം.മേല് പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിനായി വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട് .അതിനായി വിദ്യാലയവും അധ്യാപകരും സമൂഹവും വിദ്യാഭ്യാസസംവിധാനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റാനുള്ള  ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക് മാസ്റ്റർപ്ലാൻ.....

## അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് :ഗവണ്മെന്റ് ട്രൈബൽ ലോവർ പ്രൈമറി സ്കൂൾ കാളകെട്ടി,അഴുത

സ്കൂൾ കോഡ് :686510 32312

വിദ്യാഭ്യാസ ഉപജില്ല :കാഞ്ഞിരപ്പള്ളി

വിദ്യാഭ്യാസ ജില്ല :കോട്ടയം

ബി ആർ സി :കാഞ്ഞിരപ്പള്ളി

സി ആർ സി :എരുമേലി

വാർഡ് :13

ഇ മെയിൽ:gtlpskalaketty@gmail.com

## പ്രവർത്തനങ്ങൾ

സംഖ്യാകാർഡുകൾ, ആവർത്തനവായന, എഴുത്ത്, അബാക്കസ്, ചിത്രസ ഹായത്തോടെയുള്ള പഠനം, പേപ്പർ കട്ടിംഗ്സ്, സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം,പത്തിന്റെ കൂട്ടങ്ങളാക്കൽ ( കല്ല്, ഈർക്കിലി, വളപ്പൊട്ട്, മഞ്ചാടി etc..ഗ്രൂപ്പുകൾ കൂടിചേർന്ന് സങ്കലനം,കുസൃതികണക്കുകൾ (സങ്കലനം, വ്യവകലനം, ഗുണനം, ഹരണം). സ്ഥാനവിലപോക്കറ്റ് നിർമാണം, ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ, (നിത്യോപയോഗസാധനങ്ങൾ) വർക്ക് ഷീറ്റുകൾ നിർമാണം, (അധ്യാപിക, കുട്ടികൾ), സങ്കലനപട്ടികപ്രദർശനം, വിലവിവരപട്ടികപ്രദർശനം, ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ) കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ, സംഖ്യാചാർട്ടുകൾ, ഡൈസ്, സംഖ്യാസ്ലിപ്പുകൾ, സംഖ്യാകേളി, സംഖ്യാമാല, പദസൂര്യൻ ഇവയുടെ നിർമാണം.

## പരിസരപഠനം: ലക്ഷ്യങ്ങൾ

1. സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണ മാർഗങ്ങൾ നിർദേശിക്കുന്നു.

2. ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യങ്ങൾ കണ്ടെത്താനും ജലസംരക്ഷണമാർഗങ്ങൾ നിർദേശിക്കാനും പ്രാവർത്തികമാക്കാനും കഴിയുന്നു.

3. മഴക്കാലദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ നിർദേശിക്കുക.

4. നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉല്പാദിപ്പിക്കേണ്ടവയാണെന്ന് തിരിച്ചറിയുന്നതിനും പച്ചക്കറിത്തോട്ടം നിർമിക്കുന്നതിനും.

5. വ്യക്തിശുചിത്വം,സാമൂഹികശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർദേശങ്ങൾ നൽകാനും ശുചിത്വം പാലിക്കാനും.

6. ഊർജസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നഅർഥപൂർണമായ ഭൂപടവായന ക്രമീകരിക്കുന്നു.

7.പൊതുവിജ്ഞാനത്തിന് ഊന്നൽ നല്കുന്നു.

8.പ്രാദേശിക ചരിത്രാവബോധം വളർത്തുക.

9.പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.

10.ക്ലബ്പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു

## പ്രവർത്തനങ്ങൾ

ശാസ്ത്രപതിപ്പുകൾ,പൂന്തോട്ടനിർമാണം, ലഘുപരീക്ഷണങ്ങൾ,വിവിധതരം വിത്തു മുളപ്പിക്കൽ (നിരീക്ഷണ പഠനം)പഠനയാത്രകൾ, ബോധവത്ക്കരണക്ലാസ്സുകൾ(കൃഷിയോട്താത്പര്യം) മഴവെള്ളസംഭരണം,പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങൾ,ശലഭോദ്യാനം, ജൈവവൈവിധ്യപാർക്ക്,സർവ്വേ ഭൂപടനിർമാണം,ആൽബപ്രദർശനം,താരതമ്യക്കുറിപ്പ് ചരിത്രപഠന അവലോകനം,ക്വിസ്സ് മത്സരം,ചുമർപത്രം, ആൽബം

## ലക്ഷ്യങ്ങൾ

.ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു

.വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

.കല കായിക പ്രവർത്തി പരിചയ പരിപാടികൾക്ക് സാഹചര്യം ഒരുക്കുന്നു

.ലൈബ്രററി ,കമ്പ്യൂട്ടർ എന്നിവ പരമാവധി എല്ലാകുട്ടികൾക്കും പ്രയോജനപ്പെടുത്തുക.

.പാർശ്വവത്കരിക്കപ്പെട്ടതും പ്രത്യേകപരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുക

## വിഷയമേഖല

മലയാളം :ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കൽ
2. എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക
3. ക്ലാസ്സ് ലൈബ്രറികൾ ,സ്ക്കൂൾ ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക
4. ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക
5. രചനാപരമായ കഴിവ് വളർത്തുക
6. വ്യത്യസ്ത തലങ്ങളിലൂടെ വായന നടത്താനുള്ള കഴിവ് നേടുക
7. പ്രാദേശികമായി വായനാ സാമഗ്രികൾ രൂപപ്പെടുത്തുക
8. ഭാഷയുമായി ബന്ധപ്പെട്ട സി.ഡി. ഐ.സി.ടി സാധ്യത എന്നിവ സജ്ജീകരിക്കൽ
9. എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
10. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തൽ

11. ഗ്രന്ഥശാലാ അംഗത്വം

## പ്രവർത്തനങ്ങൾ

കഥ, കവിത, ചിത്രരചനകൾ, സമാനപദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ ,ലയാളത്തിളക്കം, ശ്രദ്ധ (അക്ഷരദീപം ക്ലാസ്സ് ) പദകാർഡ് വായന, ചിത്രപദക്കാർഡ് വായന, വായനാമത്സരം, നിഘണ്ടുനിർമാണം,വായനാമത്സരം, പത്രവായന, ദൃശ്യവായന, പുസ്തകവായന, ചിത്രവായന, ഒരു കുട്ടി ഒരു പുസ്തകം സംഭാവന, പുസ്തകത്തെ പരിചയപ്പെടുത്തൽ,സൂചനകൾ നല്കി കഥ, കവിതാരചന,നാടൻ കഥകൾ, കവിതകൾ കേൾക്കൽ, കഥാവതരണം (ഉദാ ആമയും മുയലും),നാടൻ കലകളുടെ പ്രദർശനം, ഒരു വിഷയത്തെക്കുറിച്ച് പ്രസംഗം, പ്രഭാഷണം എന്നിവ തയ്യാറാക്കുക, പോസ്റ്റർ നിർമാണം, സാഹിത്യകാരന്മാരുടെ ആൽബം തയ്യാറാക്കൽ,ലൈബ്രറി പുസ്തകവായന, പാഠപുസ്തകവായന, ഡയറി എഴുത്ത്, അനുഭവക്കുറിപ്പ്,പുസ്തകവായന, വാ യിച്ച പുസ്തകത്തിന്റെ ആശയം കുറിക്കൽ, സാഹിത്യകാരന്മാരെ പരിചയപ്പെടൽ

ഇംഗ്ലീഷ്: ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് തെറ്റു കൂടാതെ വായിക്കാനും എഴുതാനും പഠിക്കുക.

2. സ്വന്തം ആശയങ്ങൾ സ്ഥലകാലസാഹചര്യങ്ങൾക്കനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നു.

3.കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക.

4. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അവയുടെ ഭാഷാനൈപുണ്യം വളർത്താനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കുക.

5. മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്ത് ഭാഷയെ മെച്ചപ്പെടുത്താൻ പ്രാപ്തരാക്കുക.

## പ്രവർത്തനങ്ങൾ

വാക്കുകളും അതിന്റെ അർഥവും പഠിക്കുന്നു. ചിത്രങ്ങൾ, വീഡിയോകൾ എന്നിവയുടെ സഹായത്തോടെ സംഭാഷണം (ചിത്രങ്ങൾ, സാഹചര്യങ്ങൾ) ചിത്രങ്ങളെ ആസ്പദമാക്കി വിവരണം തയ്യാറാക്കൽ,English news, Animation

programmes, English Library, English പത്രം ലഭ്യമാക്കൽ, വാക്കുകൾ വാചകങ്ങളാക്കി വായന, വായിച്ച വാചകങ്ങൾ ആശയാടിസ്ഥാനത്തിൽ എഴുതുന്നു.

Englishഅസംബ്ലി

# ഗണിതം: ലക്ഷ്യങ്ങൾ

1.ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം എന്നിവ സഹായകമാകുന്നുവെന്ന് തിരിച്ചറിയുന്നു.

2. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു.

3. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.

4. കൃത്യതയോടും സൂക്ഷ്മതയോടുംകൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു.

5. ഗണിതപഠനത്തിൽ I C Tസാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ആയാസകരമാക്കുന്നു.

6. ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു, നിർമിക്കുന്നു.

7. സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.

8. ഗുണനപട്ടിക മനഃപാഠമാക്കുന്നു. 9. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

10. പ്രശ്നപരിഹാരം, പ്രായോഗികപ്രശ്നപരിഹാരം